"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ്- മൈനിങ് & ജിയോളജി വകുപ്പ്- ജീവനക്കാര്യം- മൈനിങ് & ജിയോളജി വകുപ്പിലെ ജിയോളജിസ്റ്റിന്റ് ശ്രീ. ഷൈജ്ജു പിയുടെ പരിവീക്ഷണകാലം പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.620/2026/ID തീയതി,തിരുവനന്തപുരം, 03-06-2026

---

പരാമർശം:-

1. 20/07/2009-ലെ സ. ഉ. (പി) നം. 91/2009/വ്യവ.
2. 22/12/2010-ലെ സ.ഉ.(പി) നം.42/2010/ ഉ.ഭ.പ.വ.
3. 13/07/2021-ലെ സ. ഉ. (പി) നം. 17/2021/വ്യവ.
4. 17/11/2021-ലെ സ ഉ.(സാധാ) നം.1249/2021/വ്യവ.
5. 29/05/2025-ലെ സ.ഉ.(സാധാ) നം.614/2025/വ്യവ.
6. 04/02/2023, 25/04/2026 തീയതികളിലെ മൈനിങ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ 3618/2022/ഇ1 നമ്പർ കത്തുകൾ
7. 26/03/2026-ലെ സ. ഉ. (സാധാ) നം. 401/2026/ID സർക്കാർ ഉത്തരവ്

**ഉത്തരവ്**

മൈനിങ് & ജിയോളജി വകുപ്പിൽ ജിയോളജിസ്റ്റ് തസ്തികയിൽ, പരാമർശം (5) പ്രകാരം, താൽകാലിക സ്ഥാനകയറ്റം നൽകിയിരുന്ന ശ്രീ. ഷൈജ്ജു പി.യുടെ, ജിയോളജിസ്റ്റ് തസ്തികയിലെ തുടർച്ചയായ ഒരു വർഷ സർവീസിലെ ആറുമാസ പ്രൊബേഷൻ പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം(6) പ്രകാരം ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ശ്രീ. ഷൈജ്ജു പി.യുടെ ജിയോളജിസ്റ്റ് തസ്തികയിലെ താൽകാലിക സ്ഥാനകയറ്റം പരാമർശം (7) പ്രകാരം ക്രമീകരിച്ച് ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ, മൈനിങ് & ജിയോളജി ഡയറക്ടർ പരാമർശം(6) പ്രകാരം സമർപ്പിച്ചിട്ടുള്ള വസ്തുതകളുടെ അടിസ്ഥാനത്തിൽ, 24.11.2021 പൂർവ്വാഹ്നത്തിൽ പത്തനംതിട്ട ജില്ലാ കാര്യാലയത്തിൽ ജിയോളജിസ്റ്റ് തസ്തികയിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ള ശ്രീ.ഷൈജ്ജു പി.യുടെ പ്രസ്തുത തസ്തികയിലെ തുടർച്ചയായ ഒരു വർഷ സർവീസിലെ ആറുമാസ പ്രൊബേഷൻ 24.05.2022പൂർവ്വാഹ്നം പ്രാബല്യത്തിൽ വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SABU ANTONY K
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, മൈനിങ് & ജിയോളജി വകുപ്പ്
ശ്രീ ഷൈജ്ജു പി., ( ഡയറക്ടർ, മൈനിങ് & ജിയോളജി വകുപ്പ് മുഖേനെ)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ഓഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ, (എ&ഇ), കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ശേഖരം/ ഓഫീസ് കോപി

ഉത്തരവിൻ പ്രകാരം

Signed by
സെക്ഷൻ ഓഫീസർ
Sabitha B
Date: 04-06-2026 11:15:29